# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2151 10.10.2011-ലെ മറുപടിക്ക്

### ജലനിധി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജപ്പാൻ കുടിവെള്ള പദ്ധതി പ്രവർത്തനങ്ങളുടെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) | ചീഫ് സെക്രട്ടറി ചെയർമാനായി എംപവേർഡ് കമ്മിറ്റി ജിക്കാ പദ്ധതിയുടെ പ്രവർത്തന പുരോഗതി 27/5/2011-ലും 2/9/2011-ലും വിലയിരുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിക്ക് ആകെ വകയിരുത്തിയിട്ടുള്ളത് എന്ത് തുകയാണ് എന്നറിയിക്കുമോ ; | (സി) | പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 2987.40 കോടി രൂപയാണ്. |
| (ഡി) | ജലനിധി പദ്ധതി പ്രകാരം എത്ര പഞ്ചായത്തുകളിലാണ് കുടിവെള്ള പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ; | (ഡി) | ജലനിധി ഒന്നാം ഘട്ടത്തിൽ 112 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ 200 ഓളം പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. |
| (ഇ) | എത്ര രൂപയുടെ പദ്ധതികൾ ഇതിനകം ഏറ്റെടുത്തു പൂർത്തീകരിച്ചു ; | (ഇ) | ജലനിധി ഒന്നാം ഘട്ട പദ്ധതിയിൽ 415.58 കോടി ചെലവിൽ 3710 പദ്ധതികൾ പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| (എഫ്) | ശേഷിക്കുന്ന പദ്ധതികൾ എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ; | (എഫ്) | ശേഷിക്കുന്നവ ഈ സാമ്പത്തിക വർഷം കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ജി) | ഇനി എത്രകോടി രൂപയുടെ എന്തെല്ലാം പുതിയ പദ്ധതികളാണ് ഏറ്റെടുത്ത് നടത്താനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ; | (ജി) | ഉദ്ദേശം 1000 കോടി രൂപയുടെ പുതിയ രണ്ടാം ഘട്ട പദ്ധതിക്കാണ് വിഭാവനം ചെയ്തിട്ടുള്ളത്. 200 ഓളം പഞ്ചായത്തുകളിൽ കുടിവെള്ളം, ശുചിത്വം, ഭൂഗർഭജലപരിപോഷണ പദ്ധതികൾ തുടങ്ങിയ പ്രധാന ഘടകങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (എച്ച്) | ജലനിധി പദ്ധതികളിൽ ഇതിനകം പൂർത്തീകരിച്ചവയുടെ ഗുണനിലവാരം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (എച്ച്) | ഉണ്ട്. പൂർത്തിയാക്കിയ പദ്ധതികളുടെ സുസ്ഥിരതാ പഠനം (2006-08) അനുസരിച്ച് 90 ശതമാനം പദ്ധതികളും പ്രവർത്തനക്ഷമമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ